# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3224** | **20.6.2014-ൽ മറുപടിക്ക്**

**കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ശുചിത്വമിഷന്റെ കീഴിലുള്ള ടോയ്‌ലെറ്റ് നിർമ്മാണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ചാണ്ടി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം, കൈനകരി, നെടുമുടി പഞ്ചായത്തുകളിൽ ശുചിത്വമിഷന്റെകീഴിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനുള്ള 9.10.13-ലെ പുതിയ ടെണ്ടർ ടെക്നിക്കൽ ബിഡ് അംഗീകാരത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ? | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം, കൈനകരി, നെടുമുടി പഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനായി ലഭിച്ച നാല് ടെണ്ടറുകളുടെ സാങ്കേതികവിദ്യയും ഫിനാൻഷ്യൽ ബിഡും ഇതിനായി രൂപീകരിച്ച സാങ്കേതിക ധനകാര്യ കമ്മിറ്റി പരിശോധിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് അംഗീകരിക്കുകയും അത് പ്രകാരം മേൽപ്പറഞ്ഞ പഞ്ചായത്തുകൾ പ്രവൃത്തി ഉടമ്പടി വച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ